## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3847      17/10/2011 ൽ മറുപടിയ്ക്ക്

## ആദിവാസികൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കടാശ്വാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>" പാലോട് രവി<br>" കെ. ശിവദാസൻ നായർ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കടക്കെണിയിൽപ്പെട്ട് ഉഴലുന്ന ആദിവാസികളെ സഹായിക്കുന്നതിനായി എന്തെല്ലാം ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) & (ബി) | കടക്കെണിയിൽപ്പെട്ട് ഉഴലുന്ന ആദിവാസികളെ സഹായിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനും/ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുമായി 12/11/09 -ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/09/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതു പ്രകാരം പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നതിനും 25,000/-ന് മുകളിലുള്ള വായ്പകളിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായിട്ടാണ് ഉത്തരവായിട്ടുള്ളത്. |
| (ബി) | ഒരു നിശ്ചിത കാലയളവുവരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനെക്കുറിച്ച് ആലോചിക്കുമോ ; | | |
| (സി) | ആദിവാസികൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ ഒരു കടാശ്വാസ പദ്ധതിക്ക് രൂപം നൽകുമോ ? | (സി) | നിലവിൽ വായ്പ എഴുതിത്തള്ളൽ/ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുള്ളതിനാൽ പുതിയ പദ്ധതിയുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ